I ഇ.ബി. XIV-കേരള നിയമസഭ/XIX-8

**പതിനാലാം കേരള നിയമസഭ**

പത്തൊമ്പതാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2020 മാർച്ച് 13, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I ചരമോപചാരം**

എച്ച്.ആർ. ഭരദ്വാജ്, ടി. നാണു മാസ്റ്റർ എന്നിവരുടെ നിര്യാണം

മുൻ കേരള ഗവർണ്ണറും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന എച്ച്. ആർ. ഭരദ്വാജ്, കേരള നിയമസഭാംഗമായിരുന്ന ടി. നാണു മാസ്റ്റർ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## II അടിയന്തരപ്രമേയം

### കോവിഡ് 19-നെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ

മി. സ്പീക്കർ: കോവിഡ്-19 വ്യാപകമാകുന്നതായ വാർത്തകളും സാമൂഹ്യ മാധ്യമങ്ങളിലെ അതിരുകവിഞ്ഞ പ്രചാരണവും നിയന്ത്രണങ്ങളുംമൂലം ജനങ്ങളിലുണ്ടായിട്ടുള്ള ഭീതിയും ആശങ്കയും ലഘൂകരിക്കാനും വിദേശ മലയാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും ആശങ്കകളും പരിഹരിക്കപ്പെടുന്നതിനും രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കുണ്ടായിട്ടുള്ള ഭീഷണികളെ ഫലപ്രദമായി ചെറുക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ട ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. എം. കെ. മുനീർ, സർവ്വശ്രീ കെ. സി. ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): പ്രസ്തുത വിഷയം ചർച്ചയ്ക്കെടുക്കാവുന്നതാണ്.

(അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

ഡോ. എം. കെ. മുനീർ: കോവിഡ്-19 വ്യാപകമാകുന്നതായ വാർത്തകളും സാമൂഹ്യ മാധ്യമങ്ങളിലെ പ്രചാരണവും നിയന്ത്രണങ്ങളുംമൂലം ജനങ്ങളിലുണ്ടായിട്ടുള്ള

ഭീതിയും ആശങ്കയും സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. എം. കെ. മുനീർ: കോവിഡ് 19 സംബന്ധിച്ച ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കപ്പെടേണ്ടതാണ്. കൊറോണ വൈറസിനെ pandemic ആയി WHO പ്രഖ്യാപിച്ചുകഴിഞ്ഞു. മനുഷ്യനിൽനിന്ന് മനുഷ്യനിലേയ്ക്ക് അതിവേഗം ഈ വൈറസ് പടരുന്നതിനാൽ പ്രായം കൂടുതലുള്ളവരും ക്യാൻസർ, ഡയബറ്റിസ് രോഗികളും അതീവജാഗ്രത പാലിക്കേണ്ടതാണ്. ഇറ്റലിയിൽനിന്നും വന്നവരെ നിരീക്ഷണത്തിന് വിധേയമാക്കാതിരുന്നത് സർക്കാരിനുണ്ടായ പാളിച്ചയാണ്. വിദേശ രാജ്യങ്ങളിൽനിന്നും വരുന്നവരെ വിമാനത്താവളങ്ങളിൽ വച്ച് പരിശോധിക്കുന്നതിനാവശ്യമായ ഡോക്ടർമാരെ നിയമിക്കുകയോ അവർക്ക് പ്രാഥമികകൃത്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യമൊരുക്കുകയോ ചെയ്തിട്ടില്ല. മറ്റ് സംസ്ഥാനങ്ങളിൽനിന്നും റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റാന്റുകളിലും വന്നിറങ്ങുന്നവരിൽനിന്ന് രോഗികളായവരെ കണ്ടെത്താനുള്ള സംവിധാനം ഒരുക്കണം. രോഗനിർണ്ണയം നടത്തുന്നതിന് വിദഗ്ദ്ധ ഡോക്ടർമാർ അടങ്ങിയ കമ്മിറ്റി രൂപീകരിക്കുകയും ലാബ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം. ഈ വിഷയം സംബന്ധിച്ച് ചർച്ച ചെയ്യാൻ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ യോഗം വിളിക്കണം.

രോഗികളെ ഒറ്റപ്പെടുത്തുന്ന സാഹചര്യം ഒഴിവാക്കണം. ഗുൽബർഗ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളെയും ഇറ്റലിയിൽ കുടുങ്ങിക്കിടക്കുന്ന മലയാളികളെയും നാട്ടിലെത്തിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. രാജു എബ്രഹാം: ജനങ്ങളിൽ ആത്മവിശ്വാസമുണ്ടാക്കാനും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും സർക്കാർ സ്വീകരിക്കുന്ന നടപടികൾ സഹായകരമായിട്ടുണ്ട്. ആദ്യഘട്ടത്തിൽ കൊറോണ ബാധിച്ചവരെ രക്ഷപ്പെടുത്തുന്നതിനും രോഗവ്യാപനം തടയുന്നതിനും ആരോഗ്യ വകുപ്പുമന്ത്രിയുടെയും വകുപ്പിന്റെയും ജാഗ്രതയോടുള്ള ഇടപെടലിന്റെ ഫലമായി സാധിച്ചിരുന്നു. ഇറ്റലിയിൽ നിന്നെത്തിയ കുടുംബം വിവരങ്ങൾ മറച്ചുവച്ചതും നിസ്സഹകരണം കാണിച്ചതുമാണ് രണ്ടാംഘട്ടത്തിലെ രോഗവ്യാപനത്തിന് കാരണമായത്. ഇതുസംബന്ധിച്ച വിവരം അറിഞ്ഞയുടൻതന്നെ ആവശ്യമായ മുൻകരുതലുകളൊരുക്കാൻ സ്ഥലം എം.എൽ.എ. എന്ന നിലയിൽ നടപടികളെടുത്തിട്ടുണ്ട്. ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ആരോഗ്യപ്രവർത്തകർ നടത്തിയ യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് രോഗവ്യാപനം തടയാൻ സഹായകരമായത്. ലോകത്തിന് മാതൃകയാകുന്ന തരത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച ആരോഗ്യപ്രവർത്തകർക്ക് അർഹമായ അംഗീകാരം നൽകണം. കൊറോണ ബാധിത മേഖലകളിൽ വായ്പകൾക്ക്

മൊറട്ടോറിയം അനുവദിക്കുന്നതിനും സൗജന്യ റേഷൻ നൽകുന്നതിനും 8, 9 ക്ലാസുകളിലെ പരീക്ഷകൾ മാറ്റിവയ്ക്കുന്നതിനും നടപടി സ്വീകരിക്കണം. ഐസൊലേഷനിൽ കഴിയുന്നവർക്ക് ഭക്ഷണമെത്തിക്കാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. ആവശ്യമായ സ്ഥലങ്ങളിൽ മാസ്കുകൾ വിതരണം ചെയ്യണം.

<u>ശ്രീ. അനിൽ അക്കര</u>: സർക്കാർ പുലർത്തിയ നിസ്സംഗതയാണ് കൂടുതൽ പേർക്ക് രോഗം ബാധിക്കാൻ കാരണമായത്. ഈ വിഷയത്തിൽ രാഷ്ട്രീയ മുതലെടുപ്പ് നടത്താനുള്ള ശ്രമം സർക്കാർ ഉപേക്ഷിക്കണം.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: കൊറോണ റിപ്പോർട്ട് ചെയ്തപ്പോൾത്തന്നെ രോഗം പടരാതിരിക്കാൻ അടിയന്തര നടപടികൾ സ്വീകരിച്ച ആരോഗ്യവകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഈ പ്രതിസന്ധിയെ ഒരുമിച്ചുനിന്ന് നേരിടണം. വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികൾക്കാവശ്യമായ സംരക്ഷണം കൊടുക്കുന്നതിനും സുരക്ഷിതമായി അവരെ നാട്ടിലെത്തിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തണം. പൊതുസ്ഥലങ്ങളിൽ എത്തിച്ചേരുന്ന ആളുകളെ പരിശോധനയ്ക്ക് വിധേയമാക്കാനുള്ള ക്രമീകരണങ്ങൾ സജ്ജീകരിക്കണം. ജനങ്ങൾക്ക് ഇക്കാര്യത്തിൽ ഭീതിയില്ലാതെ ജാഗ്രതയോടുകൂടി മുന്നോട്ടുപോകുന്ന ഒരു സാഹചര്യമുണ്ടാക്കണം.

<u>ശ്രീ. മാത്യു ടി. തോമസ്</u>: ദുരന്തങ്ങളെ അതിജീവിക്കാനുള്ള ശ്രമമാണ്

സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. 8, 9 ക്ലാസ്സുകളിലെ പരീക്ഷകൾ മാറ്റിവയ്ക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. കൊറോണ വൈറസ് ബാധ സ്ഥിരീകരിക്കുന്നതിനുവേണ്ടി ആശുപത്രികളിൽ കഴിയുന്നവർ പുറത്തു പോകാതിരിക്കാനുള്ള ഇടപെടലുകളുണ്ടാകണം.

ശ്രീ. മോൻസ് ജോസഫ്: വിമാനത്താവളങ്ങളിൽ പരിശോധിക്കുന്നതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങളെക്കുറിച്ച് അന്വേഷിക്കണം. Common cold തിരിച്ചറിയാൻ കഴിയുന്ന തരത്തിലുള്ള ക്രമീകരണങ്ങളുണ്ടാക്കണം. ലാബുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. നഴ്സിംഗ് കോളേജുകളിൽ പഠിക്കുന്ന കുട്ടികളെ തിരികെ വിളിക്കുന്ന സാഹചര്യം ഒഴിവാക്കണം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: കോവിഡ് 19-നെ പ്രതിരോധിക്കുന്നതിനും രോഗവ്യാപനം തടയുന്നതിനും മാതൃകാപരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. രോഗ പ്രതിരോധപ്രവർത്തനങ്ങളിൽ കക്ഷി രാഷ്ട്രീയഭേദമെന്യേ ഒറ്റക്കെട്ടായി മുന്നോട്ടുപോകണം.

ശ്രീ. കെ. എസ്. ശബരീനാഥൻ: ഇറ്റലി ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽനിന്നും വരുന്നവരെ ക്വാറന്റൈൻ ചെയ്യുന്നത് കർശനമാക്കണം.

കോവിഡ് രോഗ പ്രതിരോധപ്രവർത്തനങ്ങളിൽ പ്രോട്ടോക്കോൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും വോട്ടർ പട്ടിക പുതുക്കുന്നതിനും ബാങ്ക് അദാലത്തുകൾ നടത്തുന്നതിനും സമയം നീട്ടിക്കൊടുക്കുകയും ചെയ്യണം.

ശ്രീ. അനൂപ് ജേക്കബ്: കോവിഡ് 19 രോഗബാധയെക്കുറിച്ച് വ്യാജസന്ദേശങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണം. ക്വാറന്റൈൻ ചെയ്തവർക്ക് നൽകുന്ന കൗൺസിലിംഗ് ഫലപ്രദമാക്കണം. അടിയന്തര സാഹചര്യങ്ങളിൽ വിദേശരാജ്യങ്ങളിലേയ്ക്ക് പോകേണ്ടി വരുന്നവർക്ക് രോഗബാധയില്ലെന്നുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ സംവിധാനമൊരുക്കണം.

ശ്രീ. സജി ചെറിയാൻ: കോവിഡ്-19 എന്ന മഹാമാരിയെ പ്രതിരോധിക്കുന്നതിന് ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ അഭിനന്ദനാർഹമാണ്. പ്രതിരോധ പ്രവർത്തനങ്ങളിൽ രാഷ്ട്രീയം ഉപേക്ഷിച്ച് ഒറ്റക്കെട്ടായി നിൽക്കണം.

ശ്രീ. ഒ. രാജഗോപാൽ: സംസ്ഥാനത്ത് കോവിഡ്-19 റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ ജനങ്ങളുടെ ഭീതി ഒഴിവാക്കുന്നതിനും മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ തയ്യാറാകണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: ജനങ്ങളുടെ ആശങ്കയും ഉത്കണ്ഠയും അകറ്റുന്നതിനുള്ള പ്രവർത്തനമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിനെ

പ്രതിരോധിക്കാൻ യോജിച്ച പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാം.

ശ്രീ. കെ. യു. ജനീഷ് കുമാർ: കോവിഡ്-19 റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജനങ്ങളുടെ ആശങ്കയും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ശ്രീമതി വീണാ ജോർജ്ജ്: കൊറോണ വൈറസിനെ പ്രതിരോധിക്കുന്നതിനായി ഈ സർക്കാർ ശക്തമായ നടപടികളാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. സർക്കാർ/സ്വകാര്യ ആശുപത്രികളിൽ ഐസൊലേഷൻ വാർഡുകൾ സജ്ജീകരിക്കുകയും സർവൈലൻസ് ടീമിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ പ്രവർത്തനങ്ങൾ ശക്തമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് പൂർണ്ണപിന്തുണ ഉറപ്പാക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കോവിഡ്-19 വ്യാപനം തടയുന്നതിന് ശക്തമായ നടപടികളുണ്ടാകണം. ഇറ്റലിയിൽനിന്നെത്തിയ റാന്നി സ്വദേശികളായ മൂന്നുപേരെ യഥാസമയം ക്വാറന്റൈൻ ചെയ്യാത്തതുകൊണ്ടാണ് കേരളത്തിൽ കൊറോണ ബാധയുണ്ടായത്. വിമാനത്താവളങ്ങളിൽ പരിശോധന കർശനമാക്കുകയും ഡോക്ടർമാരെയും ആരോഗ്യവകുപ്പുദ്യോഗസ്ഥരെയും വിന്യസിക്കുകയും രോഗികൾക്ക് പൂർണ്ണസംരക്ഷണം ഉറപ്പുവരുത്തുകയും വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുകയും മെഡിക്കൽ ബുള്ളറ്റിനിലൂടെ വിവരങ്ങൾ

കൈമാറുകയും ചെയ്യണം. കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് ഇറ്റലിയിൽ കുടുങ്ങിക്കിടക്കുന്നവർക്ക് സംരക്ഷണം ഉറപ്പുവരുത്തണം. സർക്കാർ സ്വീകരിക്കുന്ന എല്ലാ നല്ല നടപടികളോടും പ്രതിപക്ഷം യോജിക്കുന്നതാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 118 ലോകരാഷ്ട്രങ്ങളിലാണ് കോവിഡ്-19 വ്യാപിച്ചിരിക്കുന്നത്. മികച്ച സർവൈലൻസ് സിസ്റ്റമുള്ള രാജ്യങ്ങളിൽപ്പോലും ഈ രോഗം വ്യാപിക്കുന്ന സാഹചര്യത്തിൽ കേരളം പ്രതിരോധിക്കാൻ ശ്രമിക്കുമ്പോൾ പ്രശ്നത്തിന്റെ ഗൗരവം പ്രതിപക്ഷം ഉൾക്കൊള്ളണം. കേന്ദ്രഗവൺമെന്റ് ഗൈഡ്‌ലൈൻ അനുസരിച്ചാണ് എയർപോർട്ടുകളിൽ പരിശോധന നടത്തുന്നത്. എയർപോർട്ടിനുള്ളിൽ യൂണിവേഴ്സൽ സർവൈലൻസിന്റെ ഭാഗമായി ഫോറം പൂരിപ്പിക്കേണ്ടത് മാൻഡേറ്ററിയാണെന്ന ഉത്തരവുവന്നത് മാർച്ച് 4-നാണെങ്കിലും ഇറ്റലിയിൽനിന്നുള്ളവർ ഹെൽപ് ഡെസ്കിൽ റിപ്പോർട്ടുചെയ്ത് ഹോം ക്വാറന്റൈനിൽ പ്രവേശിക്കണമെന്ന അറിയിപ്പ് വിമാനത്തിൽവച്ചുതന്നെ നൽകിയിരുന്നു. ഇറ്റലിയിൽനിന്നെത്തിയ റാന്നി കുടുംബം പനി വന്നതിനെത്തുടർന്ന് സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയെങ്കിലും ഇറ്റലിയിൽനിന്നാണ് വന്നതെന്ന കാര്യം മറച്ചുവയ്ക്കുകയാണുണ്ടായത്. ഫെബ്രുവരി മുതൽ വിവിധ ഘട്ടങ്ങളിലായി നെടുമ്പാശ്ശേരി എയർപോർട്ടിൽ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും

നിയമിച്ചിട്ടുണ്ട്. ഇറ്റലി കുടുംബത്തിന്റെ പേഷ്യന്റ് ഫ്ലോ ചാർട്ട് പ്രസിദ്ധീകരിക്കുകയും അവരുമായി ബന്ധപ്പെട്ട ആളുകളെ നിരീക്ഷണത്തിൽ വയ്ക്കുകയും ചെയ്തിട്ടുണ്ട്. ബസ് സ്റ്റാന്റുകളിലും റെയിൽവെ സ്റ്റേഷനുകളിലും നിരീക്ഷണം ശക്തമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ജനങ്ങളിൽനിന്നുള്ള സഹകരണമുണ്ടായാൽ മാത്രമേ ഇതിനെ ചെറുക്കാൻ സാധിക്കുവെന്നതിനാൽ പ്രചരണ പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റുമാർ ഉൾപ്പെടെയുള്ളവർ അതത് പഞ്ചായത്തിലെവിടെയെങ്കിലും വിദേശത്തുനിന്നുള്ളവർ വന്നിട്ടുണ്ടെങ്കിൽ അവരെ ബോധവൽക്കരിക്കണമെന്നും ആരോഗ്യവകുപ്പിൽ റിപ്പോർട്ട് ചെയ്യണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. രോഗ പ്രതിരോധത്തിനായി വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്ന് തീരുമാനമെടുത്തിട്ടുണ്ട്. കർണ്ണാടക, തമിഴ്നാട് അതിർത്തിയിൽ നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. പഴുതടച്ചുള്ള നടപടികളാണ് ഇക്കാര്യത്തിലെടുത്തിട്ടുള്ളതെങ്കിലും പ്രതിപക്ഷത്തിന്റെ സഹായം കൂടി അഭ്യർത്ഥിക്കുന്നു.

പ്രമേയം സഭ നിരാകരിച്ചു.

(ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷനുകൾ എന്നിവ റദ്ദ് ചെയ്യുകയും മറുപടികൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്തുവയ്ക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ

നിർദ്ദേശിക്കുകയും ചെയ്തു.)

## III മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## IV റിപ്പോർട്ട് സമർപ്പണം

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് സമർപ്പിച്ചു.

പിന്നോക്കസമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴുമുതൽ പത്തുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

കാര്യോപദേശക സമിതിയുടെ പത്തൊമ്പതാമത് റിപ്പോർട്ട് സമർപ്പിച്ചു.

## V റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കാര്യോപദേശക സമിതിയുടെ പത്തൊമ്പതാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. ഉമ്മർ: കാര്യോപദേശക സമിതിയുടെ പത്തൊമ്പതാമത് റിപ്പോർട്ടിന്മേലുള്ള ഭേദഗതി അവതരിപ്പിക്കുന്നു. കോവിഡ് 19

വ്യാപനത്തെത്തുടർന്ന് സംസ്ഥാനത്തുണ്ടായിരിക്കുന്ന ആശങ്കകളും പ്രത്യേക സാഹചര്യവും കണക്കിലെടുത്ത് നടപ്പുസമ്മേളനം വെട്ടിച്ചുരുക്കി പ്രധാനപ്പെട്ട ധനാഭ്യർത്ഥനകൾ ചർച്ചചെയ്യാതെ ഗില്ലറ്റിൻ ചെയ്യുന്ന നടപടി നിർഭാഗ്യകരമാണ്. ധനവിനിയോഗ ബിൽ മാത്രം പാസ്സാക്കിയശേഷം ധനാഭ്യർത്ഥനകൾ ചർച്ച ചെയ്യുന്നതിനായി സഭ വീണ്ടും സമ്മേളിക്കണം.

ശ്രീ. കെ. സി. ജോസഫ്: ഭേദഗതി അവതരിപ്പിക്കുന്നു. ധനവിനിയോഗ ബിൽ പോലും ചർച്ചയ്ക്കെടുക്കാതെ ധനാഭ്യർത്ഥനകൾ ഗില്ലറ്റിൻ ചെയ്യുന്ന നടപടി ശരിയല്ല. വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കി സഭ പിരിഞ്ഞശേഷം ബാക്കി ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചകൾ തുടരുന്നതിനായി സഭ വീണ്ടും സമ്മേളിക്കണം. പാർലമെന്റിന്റെ ഇരുസഭകളും വിവിധ നിയമസഭകളും സമ്മേളനം നിർത്തിവയ്ക്കാത്ത സാഹചര്യത്തിൽ കേരള നിയമസഭയുടെ സമ്മേളനം വെട്ടിച്ചുരുക്കുന്നത് ജനങ്ങളുടെയിടയിൽ തെറ്റായ സന്ദേശം പ്രചരിക്കുന്നതിന് കാരണമാകും.

ശ്രീ. പി. ടി. തോമസ്: ഭേദഗതി അവതരിപ്പിക്കുന്നു. സഭാനടപടികൾ വെട്ടിച്ചുരുക്കുന്നതുമൂലം സഭാദ്ധ്യക്ഷൻ തെറ്റായ ജനാധിപത്യ കീഴ്വഴക്കം നടത്തിയെന്ന് രേഖപ്പെടുത്തുമെന്നതിനാൽ ഈ നടപടി അനുവദിക്കാൻ പാടില്ല. വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കി മറ്റ് ചർച്ചകൾ നടത്തുന്നതിന് പിന്നീട്

അവസരമൊരുക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ഭേദഗതി അവതരിപ്പിക്കുന്നു. ഒൻപത് ദിവസത്തെ ധനാഭ്യർത്ഥന ചർച്ചകൾ ഒഴിവാക്കി ഗില്ലറ്റിൻ ചെയ്യുന്നത് വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള അവസരം നിഷേധിക്കലാണ്. വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കി കുറച്ചുദിവസത്തിനുശേഷം സഭ വീണ്ടും സമ്മേളിക്കണം.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): ചർച്ചകൾ കൂടാതെ ധനാഭ്യർത്ഥനകൾ ഗില്ലറ്റിൻ ചെയ്ത് സഭാസമ്മേളനം വെട്ടിച്ചുരുക്കുന്നതിനോട് യോജിക്കുന്നില്ല. തെറ്റായ ഈ കീഴ്‌വഴക്കം സഭയുടെ അധികാരത്തോടുള്ള വെല്ലുവിളിയാണ്. ജനാധിപത്യവിരുദ്ധമായ ഈ നടപടിയെ ശക്തമായി എതിർക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): ഇതൊരു പുതിയ കീഴ്‌വഴക്കമല്ല. ബഹുമാനപ്പെട്ട സ്പീക്കറുടെ നടപടി ജനാധിപത്യ വിരുദ്ധമായി വ്യാഖ്യാനിക്കപ്പെട്ടത് ശരിയായില്ല.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): നിലവിലെ സാഹചര്യത്തിൽ സഭ ചേരുന്നത് ശരിയല്ലെന്ന് സൂചിപ്പിച്ചുകൊണ്ട് ശ്രീ. കെ.എൻ.എ. ഖാദർ സ്പീക്കർക്ക് കത്ത് നൽകിയപ്പോൾ ഈ വിഷയം കാര്യോപദേശക സമിതി മുമ്പാകെ

അവതരിപ്പിക്കുകയും പിന്നീട് തീരുമാനമെടുക്കാമെന്ന് പ്രതിപക്ഷ നേതാവ് അറിയിക്കുകയും ചെയ്തിരുന്നു. തുടർന്ന് ശ്രീ. പി. സി. ജോർജ്ജും ഈ ആവശ്യം ഉന്നയിച്ചിരുന്നു. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ ദിവസം നിയമസഭ സമ്മേളിക്കുന്നത് കേരളത്തിലാണെന്നതിനാൽ സഭ വെട്ടിച്ചുരുക്കുന്ന നടപടിയെ ആരും കുറ്റപ്പെടുത്തുകയില്ല; ഒരു മഹാവിപത്ത് സംസ്ഥാനം നേരിടുന്ന പ്രത്യേക സാഹചര്യത്തിലെടുത്ത തീരുമാനത്തെ അംഗീകരിച്ച് ഈ നടപടിയുമായി സഹകരിക്കണം.

(കോവിഡ് 19 വ്യാപനത്തെത്തുടർന്ന് സംസ്ഥാനത്തുണ്ടായിരിക്കുന്ന ആശങ്കകളും പ്രത്യേക സാഹചര്യവും കണക്കിലെടുത്ത് നടപ്പുസമ്മേളനം വെട്ടിച്ചുരുക്കുന്ന സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയശേഷം സഭാനടപടികൾ ബഹിഷ്കരിച്ചു.)

ഭേദഗതികൾ സഭ നിരാകരിച്ചു.

റിപ്പോർട്ട് സഭ അംഗീകരിച്ചു.

<u>മി. സ്പീക്കർ</u>: കാര്യോപദേശക സമിതിയുടെ പത്തൊമ്പതാം റിപ്പോർട്ടിലെ ശിപാർശ പ്രകാരം ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിരുന്ന അനൗദ്യോഗികാംഗങ്ങളുടെ കാര്യം ഒഴിവാക്കുന്നു.

## VI ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

ലൈഫ് മിഷൻ ഭവന പദ്ധതി

ലൈഫ് മിഷൻ ഭവന പദ്ധതിയുടെ വിശദാംശങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## VII ധനകാര്യം

2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ V - ചരക്കുസേവന നികുതിയും
കാർഷികാദായ നികുതിയും
വിൽപ്പന നികുതിയും
(331,99,52,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ
(4649,87,44,000 രൂപ)

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VI - ഭൂനികുതി
(712,02,44,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XI - ജില്ലാഭരണവും പലവകയും
(694,27,26,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXI - ഭവനനിർമ്മാണം
(141,74,09,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXVI - പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്
(1282,78,84,000 രൂപ)

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVIII - വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും
(7383,37,47,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം
(482,76,41,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും
(7668,70,54,000 രൂപ)

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XV - പൊതുമരാമത്ത്
(5565,86,14,000 രൂപ)

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XL - തുറമുഖങ്ങൾ
(136,75,52,000 രൂപ)

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം
(1893,21,06,000 രൂപ)

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം
(715,68,79,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം
(164,55,18,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXIV - വനം
(658,08,31,000 രൂപ)

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXII - നഗരവികസനം
(2346,41,76,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത്
(1022,22,75,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVI - ഗ്രാമവികസനം
(5366,37,92,000 രൂപ)

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVII - വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം
(21189,46,46,000 രൂപ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XX - ശുദ്ധജലവിതരണവും ശുചീകരണവും
(1439,67,68,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVIII - ജലസേചനം
(857,54,29,000 രൂപ)

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി
(3476,22,98,000 രൂപ)

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ്
(299,06,44,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളി ക്ഷേമവും
പ്രവാസിക്ഷേമവും
(1110,41,37,000 രൂപ)

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXV– പട്ടികജാതി / പട്ടികവർഗ്ഗ / മറ്റു പിന്നോക്ക/
ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം
(3045,59,41,000 രൂപ)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയേയും ജില്ലാഭരണവും പലവകയും

എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയേയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI- ാം നമ്പർ ധനാഭ്യർത്ഥനയേയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയേയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയേയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയേയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും നഗരവികസനം എന്ന XXII- ാം നമ്പർ ധനാഭ്യർത്ഥനയേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയേയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയേയും തൊഴിലും

തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ**

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയേയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയേയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയേയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയേയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള സ്റ്റേറ്റ്മെന്റുകൾ ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ്

അനുവദിക്കുകയും ചെയ്തു.

## VIII നിയമനിർമ്മാണകാര്യം

### 2020-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2020-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2020-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

2020-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും</u>

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): 2020-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2020-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

<u>2020-ലെ കേരള ധനകാര്യ ബില്ലിന്റെയും</u>
<u>2020-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിന്റെയും അവതരണം</u>

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): 2020-ലെ കേരള ധനകാര്യ ബില്ലും 2020-ലെ കേരള

ധനകാര്യ (2-ാം  നമ്പർ) ബില്ലും അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

(സഭ ഉച്ചയ്ക്കുശേഷം 12.30-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

* * * * *